സ.ഉ.(കൈ) നം.2/2022/PIE&MD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് - 9 ജില്ലാ വികസന കമ്മീഷണർമാരുടെ ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ ഓരോ എക്സിക്യൂട്ടീവ് അസിസ്റ്റന്റ് തസ്തിക വീതം സൃഷ്ടിച്ചുകൊണ്ട് - ഉത്തരവാകുന്നു -

പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്

സ.ഉ.(കൈ) നം.2/2022/PIE&MD തീയതി,തിരുവനന്തപുരം, 04-04-2022

പരാമർശം:-

1. സ.ഉ.(സാ).നം.2970/2020/പൊ.ഭ.വ. തീയതി 30/09/2020
2. സ.ഉ.(സാ).നം.2446/2021/പൊ.ഭ.വ. തീയതി 05/07/2021
3. 07.09.2021-ൽ നടന്ന ചീഫ് സെക്രട്ടറിയുടെ മീറ്റിംഗിലെ നടപടിക്കുറിപ്പുകൾ

ഉത്തരവ്

പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം വികസന പദ്ധതികൾക്ക് കാലതാമസമുണ്ടാകാതെ നടപ്പാക്കുന്നതിനും, സാദ്ധ്യമായ പരിമിത സമയത്തിനുള്ളിൽ അവ തീർപ്പാക്കുന്നതിനുമായി 10 ജില്ലാ വികസന കമ്മീഷണർമാരെ നിയമിക്കുകയുണ്ടായി. പല സന്ദർഭങ്ങളിലും ജില്ലാ കളക്ടർമാർ ദുരന്തനിവാരണം, വരൾച്ചാ നിയന്ത്രണം, വെള്ളപ്പൊക്ക ആശ്വാസം, തെരഞ്ഞെടുപ്പുകൾ, പരാതി പരിഹാരം തുടങ്ങിയൊട്ടേറെ കാര്യങ്ങളിൽ ഊന്നൽ നൽകേണ്ടതിനാൽ, വികസനപ്രവർത്തനങ്ങളിൽ ജില്ലാകളക്ടർമാരെ സഹായിക്കുന്നതിനും പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വേണ്ടിയാണ് ജില്ലാ വികസന കമ്മീഷണർമാരെ നിയമിച്ചിട്ടുള്ളത്. പ്രസ്തുത ജോലികളിൽ ജില്ലാ വികസന കമ്മീഷണർമാരെ ഓഫീസ് കാര്യങ്ങളിൽ സഹായിക്കാനായി കരാർ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ പരാമർശം 3-ലെ യോഗത്തിൽ നിർദ്ദേശിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അതിൻപ്രകാരം നിലവിലുള്ള 9 ജില്ലാ വികസന കമ്മീഷണർമാരുടെ ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് അസിസ്റ്റന്റ് തസ്തികകൾ (ഓരോന്നു വീതം) താഴെപ്പറയുന്ന മാനദണ്ഡമനുസരിച്ച് മൂന്ന് വർഷത്തേക്ക് സൃഷ്ടിച്ച് ഉത്തരവാകുന്നു:

യോഗ്യത : കമ്പ്യൂട്ടർ പരിജ്ഞാനത്തോടെ 60% മാർക്കിൽ കുറയാതെ MBA അല്ലെങ്കിൽ PGDBA
കരാർ വേതനം : പ്രതിമാസം 30,000 രൂപ (രൂപ മുപ്പതിനായിരം മാത്രം)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിലെ ജില്ലാ വികസന കമ്മീഷണർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി.) വകുപ്പ് (ഐറ്റം നം:636)
പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-ക്ക്
പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് ഡയറക്ടറുടെ പി.എ.-ക്ക്
വെബ് ആൻഡ് ന്യൂ മീഡിയ ഡിവിഷൻ, ഐ.&പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സ.ഉ.(കൈ) നം.2/2022/PIE&MD

പകർപ്പ്

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്ക്